12587/18/HRD

# കേരളസർക്കാർ

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - സർക്കാർ സംഘടിപ്പിക്കുന്ന പൊതു പരിപാടികൾ മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ എന്നിവർ പങ്കെടുക്കുന്ന പൊതു പരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയ്ക്ക് ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവാകുന്നു.

---

## പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ(സാധാ) നം. 5784/2018/പൊഭവ തീയതി, തിരുവനന്തപുരം 04/09/2018

---

പരാമർശം :- 1) 05.10.2017-ലെ സ.ഉ.(സാധാ)നം.344/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.06.2018-ലെ 2997/Et/2016/SM നമ്പർ കത്ത്

**ഉത്തരവ്**

ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, വകുപ്പു ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ, ജില്ലാ കളക്ടേറ്റുകൾ തുടങ്ങിയ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയുമുള്ള എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ സംഘടിപ്പിക്കുന്ന പൊതു പരിപാടികൾ മന്ത്രിമാർ, എം. പി. മാർ, എം.എൽ.എമാർ എന്നിവർ പങ്കെടുക്കുന്ന പൊതു പരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നത് മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിനും ജനങ്ങളിൽ ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനും സഹായകരമാകുമെന്നും ആയതിനാൽ ഇത്തരം പരിപാടികളിൽ ഫ്ലക്സ്, പ്ലാസ്റ്റിക് കുപ്പിവെള്ളം/പ്ലാസ്റ്റിക്ക്/ഡിസ്പോസിബിൾ വസ്തുക്കളിലുള്ള ആഹാര-പാനീയ വിതരണം, പ്ലാസ്റ്റിക്കിലും തെർമോക്കോളിലുമുള്ള അലങ്കാരങ്ങൾ തുടങ്ങിയവ കർശനമായി ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന തീരുമാനം കൈക്കൊള്ളണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മന്ത്രിമാർ, എം. പി. മാർ, എം.എൽ.എമാർ എന്നിവർ പങ്കെടുക്കുന്ന പൊതു പരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയും, സർക്കാർ സംഘടിപ്പിക്കുന്ന പൊതുപരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് മാത്രമേ സംഘടിപ്പിക്കാൻ പാടുള്ളൂ എന്നും ഇത്തരം പരിപാടികളിൽ പ്ലാസ്റ്റിക്ക് കുപ്പിവെള്ളം, പ്ലാസ്റ്റിക്ക്/ഡിസ്പോസിബിൾ വസ്തുക്കളിലുള്ള ആഹാര-പാനീയ വിതരണം, ഫ്ലക്സ്, പ്ലാസ്റ്റിക്കിലും തെർമോക്കോളിലുമുള്ള അലങ്കാരങ്ങൾ തുടങ്ങിയവയും കർശനമായി ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്ക്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) കേരള, തിരുനവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ,ബി, പൊളിറ്റിക്കൽ) വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**<u>ഇണ്ടാസ് നമ്പർ. ഇഎ1/149/2017/എച്ച്.ആർ.ഡി(1)</u>** **തീയതി: 08.10.2018**

1. തുടർനടപടിക്കൾക്കായി എല്ലാ സ്ഥാപന മേധാവികൾക്കും/നോഡൽ ഓഫീസർമാർക്കും
2. ശ്രീ. വി. കെ. വാണീപ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. കരുതൽ ഫയൽ
5. ഓഫീസ് പകർപ്പ്

**ഒപ്പ്**
**ഡയറക്ടർ**

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**